# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-4/156/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 10/05/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. അസ്സിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, ഇടുക്കി
3. കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-4/156/22 തീയ്യതി: 10/05/2022

## ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-10-2019 മുതൽ 16-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|---|---|
| ശ്രീമതി സിനി എം വി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 17-01-2022 | 22-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|
| 17-01-2022 | 22-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എം.എസ്.രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി. മരുൺ മാത്യു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനീറ്റ പി. സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജോമോൻ ഫ്രാൻസിസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. വിഷ്ണുപ്രിയ കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. മായകൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ റജി മുക്കാട്ട് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 30-12-2020 |
| ശ്രീമതി മിനി രാജി ചന്ദ്രൻ | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| ശ്രീ ഹർഷൻ എസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സുനിൽ എ ജെ | കൃഷി ഓഫീസർ | 01-04-2020 | 30-06-2020 |
| ശ്രീ മാർട്ടിൻ തോമസ് | കൃഷി ഓഫീസർ - ഇൻ-ചാർജ് | 01-07-2020 | 21-07-2020 |
| ശ്രീ സതീഷ് കുമാർ എം ഡി | കൃഷി ഓഫീസർ | 22-07-2020 | 06-10-2020 |
| ശ്രീമതി സുചിതാമോൾ സി എസ് | കൃഷി ഓഫീസർ - ഇൻ-ചാർജ് | 07-10-2020 | 08-11-2020 |
| ശ്രീ രാജു പി എ**ൻ** | കൃഷി ഓഫീസർ - ഇൻ-ചാർജ് | 09-11-2020 | 01-01-2021 |
| ശ്രീമതി സുചിതാമോൾ സി എസ് | കൃഷി ഓഫീസർ - ഇൻ-ചാർജ് | 02-01-2021 | 31-03-2021 |
| ശ്രീ റജികുമാർ എ സി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജാസ്മിൻ കെ ജെ | സി.ഡി.പി.ഒ | 01-04-2020 | 02-12-2020 |
| ശ്രീമതി തുളസി പി എ**ൻ** | സി.ഡി.പി.ഒ | 03-12-2020 | 31-03-2021 |
| ശ്രീ. സതീശൻ പി എൻ | പട്ടിക ജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ സരീഷ് ചന്ദ്രൻ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2020 | 31-03-2021 |
| ഡോ. ക്രിസ്റ്റി. ജെ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jomon Francis (Senior Grade Auditor, On 20-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 11-04-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jomon Francis (Senior Grade Auditor, On 20-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 11-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jomon Francis (Senior Grade Auditor, On 20-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 11-04-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Jomon Francis (Senior Grade Auditor, On 20-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Jomon Francis (Senior Grade Auditor, On 20-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 11-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jomon Francis (Senior Grade Auditor, On 04-05-2022)<br>Last Updated By: Jomon Francis (Senior Grade Auditor, On 04-05-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Jomon Francis (Senior Grade Auditor, On 20-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Jomon Francis (Senior Grade Auditor, On 20-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Jomon Francis (Senior Grade Auditor, On 20-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jomon Francis (Senior Grade Auditor, On 20-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Jomon Francis (Senior Grade Auditor, On 20-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-11 |
| 12 | സാംഖ്യ, മാനവൽ രസീതുകൾ സ്റ്റോക്കിൽ കാണുന്നില്ല<br>Written By: Maya Krishnan (Auditor, On 20-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-12 |
| 13 | ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളുടെ വാടക സംബന്ധിച്ച അപാകതകൾ<br>Written By: Maya Krishnan (Auditor, On 20-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-13 |
| 14 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി -പദ്ധതി തുക കർഷകർക്ക് വിതരണം ചെയ്തില്ല<br>Written By: Maya Krishnan (Auditor, On 20-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-14 |
| 15 | കാഞ്ഞാർ വാട്ടർഷെഡ് ഏരിയയിൽ ചെടികൾ നട്ട് പിടിപ്പിക്കൽ - വാല്യുവേഷൻ ഇല്ല<br>Written By: Jomon Francis (Senior Grade Auditor, On 23-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-15 |
| 16 | ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹന വിതരണം -ഫയൽ ഹാജരാക്കിയില്ല<br>Written By: Vishnu Priya K (Senior Grade Auditor, On 24-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-16 |

| | | |
|---|---|---|
| 17 | ടെണ്ടർ ഫീ-ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല<br>Written By: Marun Mathew (Asst. Audit Officer, On 24-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-17 |
| 18 | പ്രവൃത്തികൾ വിഭജിച്ച് നല്കുന്നത് സംബന്ധിച്ച്<br>Written By: Marun Mathew (Asst. Audit Officer, On 24-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-18 |
| 19 | കാഞ്ഞാർ വാട്ടർ ഷെഡ് തീം പാർക്ക് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല പാഴ് ചെലവ് ₹ 38,25,303/-<br>Written By: Marun Mathew (Asst. Audit Officer, On 24-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 09-05-2022) | 1-19 |
| 20 | സംയുക്ത പദ്ധതികൾക്കായി ലഭിച്ച വിഹിതം ചെലവാക്കാതെ അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നു<br>Written By: M.S.Rajeev (Audit Officer, On 12-04-2022)<br>Last Updated By: Sajitha K. (Computer Assistant, On 04-05-2022) | 1-20 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Anitta P Samuel (Asst. Audit Officer, On 19-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 12-04-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anitta P Samuel (Asst. Audit Officer, On 19-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 12-04-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Anitta P Samuel (Asst. Audit Officer, On 19-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 12-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Anitta P Samuel (Asst. Audit Officer, On 19-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 12-04-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: M.S.Rajeev (Audit Officer, On 12-04-2022)<br>Last Updated By: M.S.Rajeev (Audit Officer, On 12-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Anitta P Samuel (Asst. Audit Officer, On 19-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 12-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Anitta P Samuel (Asst. Audit Officer, On 19-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 12-04-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Anitta P Samuel (Asst. Audit Officer, On 19-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 09-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Anitta P Samuel (Asst. Audit Officer, On 19-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 12-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jomon Francis (Senior Grade Auditor, On 24-01-2022)<br>Last Updated By: Sajitha K. (Computer Assistant, On 09-05-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jomon Francis (Senior Grade Auditor, On 24-01-2022) | 4-11 |

| | | |
|---|---|---|
| | Last Updated By: Sajitha K. (Computer Assistant, On 12-04-2022) | |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

₹ 568000672/- വരവും ₹ 563891672/- ചെലവും ₹ 4109000/- നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന 2020-21 വർഷത്തെ ബജറ്റ് 19.3.2020 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2021 | 10-06-2021 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21435643 |
| വരവ് | 82850207 |
| ആകെ | 104285850 |
| ചെലവ് | 83490649 |
| നീക്കിയിരിപ്പ് | 20795201 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്- പൊതുവിഭാഗം | | 53549000 | 53549000 | 44603302 | 8945698 |
| വികസനഫണ്ട് പട്ടികജാതി | | 4749000 | 4749000 | 4749000 | 0 |
| വികസനഫണ്ട് പട്ടിക വർഗ്ഗം | | 7891349 | 7891349 | 7891349 | 0 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | | 8142000 | 8142000 | 7508444 | 633556 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - പെർഫോമൻസ് ഗ്രാന്റ് | | 8690000 | 8690000 | 475496 | 8214504 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 8690000 | 8690000 | 3628747 | 5061253 |
| സമ്പൂർണ്ണ ശുചിത്വം | 1095830 | 54339 | 1150169 | 0 | 1150169 |
| ഇന്റഗ്രേറ്റഡ് വാട്ടർ മാനേജ്മെന്റ് പ്രൊജക്ട് | 2041762 | 199440 | 2241202 | 2240265 | 937 |
| പ്രത്യേക കേന്ദ്ര വിഹിതം | 0 | 116323 | 116323 | 0 | 116323 |
| ഹാഡ | 344656 | 10702 | 355358 | 0 | 355358 |
| ശുചിത്വ മിഷൻ | 0 | 41028 | 41028 | 41028 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 129 | 110184862 | 105 | 68936189 | 0 | 24 | 81.39% |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ | അടങ്കൽ(₹) | ചെലവ്(₹) |
|---|---|---|---|---|
| അസ്സിസ്റ്റന്റ് ഡയറക്ടർ കൃഷി | 5 | 5 | 9248330 | 2173435 |
| മെഡിക്കൽ ഓഫിസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 8 | 6 | 3461267 | 1894283 |
| മെഡിക്കൽ ഓഫിസർ (ആയുർവേദം) | 1 | 1 | 193517 | 106612 |
| പട്ടികജാതി വികസന ഓഫീസർ | 1 | 1 | 3189000 | 2030000 |
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 6 | 4 | 6074676 | 2933034 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 29 | 19 | 28667939 | 19044692 |
| ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 1865000 | 1747155 |
| ഡയറി എക്സ്റ്റെൻഷൻ ഓഫിസർ | 3 | 3 | 5900000 | 5653653 |
| ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 2 | 0 | 5680000 | 0 |
| അസി. എഞ്ചിനിയർ | 72 | 64 | 45905133 | 33353325 |
| ആകെ | 129 | 105 | 110184862 | 68936189 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-1-2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല.

## 1-9 ആഭ്യന്തരനിയന്ത്രണം

വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. സാംഖ്യയിൽ ചെലവ് രേഖപ്പെടുത്തുന്നുണ്ടെങ്കിലും പേയ്മെന്റ് വൗച്ചർ പ്രിന്റ് എടുത്ത് സബ്-വൗച്ചറുകളോടൊപ്പം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. വൗച്ചറുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ട അക്കൗണ്ടന്റ് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നതിനാൽ അക്കൗണ്ടന്റിന്റെ സേവനം ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇക്കാര്യം 5.11.2019 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തിട്ടുണ്ട്.

ലോൺ രജിസ്റ്റർ, ആസ്തി രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി

പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്റ്റുകൾ അവലോകനം നടത്തുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്റ്റുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.8.2021 | 2020-21 | 6.10.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.02.2015-26.02.2015 | 2013-14 വരെ | 11.05.2019 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. വാടകയിനങ്ങളുടെ ഡി സി ബി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നവയുടെ കൃത്യത പരിശോധിക്കാനായില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ബി-7 ഉൾപ്പെടുത്തിയിരിക്കുന്ന ₹268304/- ഉം RP-34 & RP-36 ഷെഡ്യൂളുകൾ പ്രകാരം ഉൾപ്പെടുത്തിയ തുകകളുടെയും കൃത്യത പരിശോധിക്കുന്നതിന് സാധിച്ചില്ല.

3. ആസ്തി രജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ല.

4. ബി-4 ഷെഡ്യൂൾ പ്രകാരമുള്ള ₹ 12622418/- ടെ ആസ്തി ബാധ്യതകൾ ഏതൊക്കെ അക്കൗണ്ടുകളിലാണ് നിക്ഷേപിച്ചിരിക്കുന്നതെന്നുള്ള വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഈ ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

## 1-12 സാംഖ്യ, മാന്വൽ രസീതുകൾ സ്റ്റോക്കിൽ കാണുന്നില്ല

2020 ഏപ്രിൽ മുതൽ 2021 മാർച്ച് 31 വരെയുള്ള സാംഖ്യ രസീതുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.2/ 17-01-2022 ന് മറുപടി ഹാജരാക്കിയില്ല.

സ്റ്റോക്ക് രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ രസീത് ബുക്കുകളുടെ ബാലൻസ് ഭൗതിക പരിശോധന നടത്തിയതിൽ രസീത് ബുക്ക് നം. 219, 231 എന്നിവ കാണാൻ കഴിഞ്ഞില്ല. ഇവ ഉപയോഗിച്ചതായും കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/20-01-22 ന് മറുപടി ഹാജരാക്കിയില്ല. മാന്വൽ, സാഖ്യ രസീതുകൾ കാണാതായത് അക്കൗണ്ടിങ്ങ് വിഭാഗത്തിൽ പെട്ട ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണത്തിലുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ചുമതലകൾ കൃത്യമായി നടപ്പാക്കുന്നുവെന്ന് ഭരണാധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്. കെ.എഫ്.സി. വാല്യം 1 ആർട്ടിക്കിൾ 8 പ്രകാരം എല്ലാ സാമ്പത്തിക ഇടപാടുകളുടെ കൃത്യമായ അക്കൌണ്ടുകൾ സൂക്ഷിക്കേണ്ടതും കടമകളിൽ വീഴ്ച വരുന്നതു മൂലമുണ്ടാകുന്ന ഏത്

നഷ്ടത്തിനും ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കുന്നതുമാണ്. രസീതുകൾ കണ്ടെത്തി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രസീതുകൾ കണ്ടെത്താൻ സാധിയ്ക്കാത്ത പക്ഷം ടി വീഴ്ചയിന്മേൽ വകുപ്പുതല അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-13 ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളുടെ വാടക സംബന്ധിച്ച അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളുടെ വാടക സംബന്ധിച്ച വിവരങ്ങൾ കൃത്യമായി പരിപാലിക്കുന്നില്ല. 2019-20, 2020-21 വർഷങ്ങളിലെ വാടക രജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം. | വാടകക്കെട്ടിടം | റിമാർക്സ് |
|---|---|---|---|
| 1 | ലഭ്യമല്ല | ഐശ്വര്യ വനിത കാന്റീൻ, തടിയമ്പാട് | 2019 മാർച്ചിനു ശേഷം വാടക ഈടാക്കിയിട്ടില്ല. 2019-20, 2020-21 വർഷങ്ങളിൽ വാടക ഈടാക്കിയോ എന്ന വിവരം ലഭ്യമല്ല. |
| 2 | - | റോഡ് റോളർ | 2019-20, 2020-21 വർഷങ്ങളിൽ റോളർ വാടകയ്ക്ക് നൽകിയിരുന്നോ, നിലവിൽ ഇത് ഉപയോഗ യോഗ്യമാണോ തുടങ്ങിയ വിവരങ്ങൾ വാടക രജിസ്റ്ററിൽ ലഭ്യമല്ല. റോഡ് റോളറിനെ സംബന്ധിച്ച മറ്റ് രേഖകളും നിലവിലെ സ്ഥിതിയും ലഭ്യമല്ല. |
| 3 | ലഭ്യമല്ല | ബ്ലോക്ക് നോഡൽ സൊസൈറ്റി ഫോർ എന്റർപ്രൈസസ് പ്രൊമോഷൻ | സ്ഥാപനം എന്ന് മുതൽക്കാണ് പ്രവർത്തനം ആരംഭിച്ചത് എന്ന വിവരം ലഭ്യമല്ല. ഫെബ്രുവരി 2020 മുതൽക്കുള്ള വാടക മാത്രമാണ് ഈടാക്കിയിട്ടുള്ളത്. വാടകക്കരാർ ലഭ്യമാക്കിയിട്ടില്ല. |
| 4 | ലഭ്യമല്ല | ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയം | 22-02-2020 ന് ₹1000/-മാത്രം വാടകയിനത്തിൽ ഈടാക്കിയതായി രജിസ്റ്ററിൽ കാണുന്നു. പൊതു പരിപാടിയ്ക്ക് ഓഡിറ്റോറിയം വാടകയ്ക്ക് നൽകാറുണ്ട്. എന്നാൽ 22-02-2020 നു മുൻപും ശേഷവും ടി ഓഡിറ്റോറിയത്തിന്റെ വാടക വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. |
| 5 | ലഭ്യമല്ല | താന്നിക്കണ്ടം വനിത തൊഴിൽ പരിശീലന കേന്ദ്രം | ഒക്ടോബർ 2020 ന് മുതലുള്ള വാടക ഈടാക്കിയ വിവരങ്ങളാണ് ലഭ്യമായിട്ടുള്ളത്. അതിനു മുൻപ് ടി സ്ഥാപനം പ്രവർത്തിച്ചിരുന്നോ എന്ന വിവരം ലഭ്യമല്ല. |
| 6 | - | താന്നിക്കണ്ടം വനിത തൊഴിൽ പരിശീലന കേന്ദ്രം ഭൂമി | കരാർ, വാടക ഈടാക്കിയ വിവരങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല. |

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മേൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങളുടെയും റോഡ് റോളറിന്റെയും, കരാർ, വാടക അടവാക്കിയ രസീതുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/17-01-22 ന് മറുപടി ഹാജരാക്കിയിട്ടില്ല. വാടക ഈടാക്കിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ തുക ഈടാക്കിയതിന്റെ ആധികാരികത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

2020-21 ൽ വാർഷികക്കണക്ക് പ്രകാരം താഴെ സൂചിപ്പിക്കുന്ന രീതിയിൽ വാടക സംബന്ധിച്ച വിവരങ്ങൾ ചേർത്തിട്ടുണ്ട്. എന്നാൽ ഇതിന്റെ ആധികാരികത ഉറപ്പാക്കുന്ന വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ, രസീത് എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|
| 32400 | 29500 | 2900 (തൻവർഷം)<br>1700 (കുടിശ്ശിക) |

സ്ഥാപനത്തിന്റെ തനത് വരവിനങ്ങളിൽ പ്രധാനമായ വാടക വരുമാനം സംബന്ധിച്ച രജിസ്റ്ററുകളും മറ്റ് രേഖകളും സൂക്ഷിക്കുന്നത് വളരെ അലംഭാവത്തോടെയാണ്. വാടക വരവ് സംബന്ധിച്ച രേഖകൾ രസീത് എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ മേൽ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

### 1-14 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി -പദ്ധതി തുക കർഷകർക്ക് വിതരണം ചെയ്തില്ല

ബ്ലോക്ക് ക്ഷീരവികസന ഓഫീസർ നിർവ്വഹണം നടത്തിയ ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ്- പ്രോജക്ട് നം. 80/21, 92/21 എന്നിവയിൽ ബ്ലോക്ക് വിഹിതമായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുക നാളിതു വരെ ചെലവഴിച്ചതിന് ഉപോത്ബലകമായ രേഖകളോ വിനിയോഗസാക്ഷ്യപത്രമോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത തുക കർഷകർക്ക് വിതരണം നടത്താതെ വിവിധ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ടിഎസ്ബി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. പദ്ധതിയുടെ വിശദ വിവരം ചുവടെ.

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ പേര് | ബ്ലോക്ക് വിഹിതം | ആകെ ചെലവ് | തുക നൽകിയ പഞ്ചായത്തുകൾ/തുക |
|---|---|---|---|---|---|
| 1 | 80 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 900,000 | 900,000 | വാത്തിക്കുടി-150,000<br>കഞ്ഞിക്കുഴി-150,000<br>വാഴത്തോപ്പ്-150,000<br>അറക്കുളം-150,000<br>മരിയാപുരം-150,000 |
| 2 | 92 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1000,000 | 1000,000 | കഞ്ഞിക്കുഴി-400,000<br>വാഴത്തോപ്പ്-200,000<br>കാമാക്ഷി-400,000 |

തുകകൾ അർഹതപ്പെട്ട കർഷകർക്ക് വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്തുകൾ ടിഎസ്ബി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/20-01-22 ന് മറുപടി ഹാജരാക്കിയില്ല. തൻവർഷം സ്പിൽ ഓവർ പദ്ധതിയിലുൾപ്പെടുത്തിയ ടി പ്രോജക്ടിനു വേണ്ടി വകയിരുത്തിയ തുക നാളിതു വരെയും ചെലവഴിക്കാത്തതിനാൽ ബ്ലോക്ക് ഫണ്ടിലേക്ക് തിരികെ വാങ്ങേണ്ടതും ആയത് കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് അടവാക്കി വിവരമറിയിക്കേണ്ടതുമാണ്.

### 1-15 കാഞ്ഞാർ വാട്ടർഷെഡ് ഏരിയയിൽ ചെടികൾ നട്ട് പിടിപ്പിക്കൽ - വാല്യുവേഷൻ ഇല്ല

| | |
|---|---|
| പദ്ധതി നം / പേര് | S00115/21 കാഞ്ഞാർ വാട്ടർഷെഡ് ഏരിയയിൽ ചെടികൾ നട്ട് പിടിപ്പിക്കൽ |
| അടങ്കൽ | ₹35830 /- |
| ചെലവ്/ബിൽ നം/തുക | 20100663011800304295 / 30.6.2020/₹30955/- |
| നിർവ്വഹണം | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി |

മേൽ പദ്ധതിക്കായി 2020-21 ൽ ₹30955/- ശ്രീ ജോസഫ് ചാക്കോ പുളിയൻമാക്കൽ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. എന്നാൽ എന്ത് പ്രവൃത്തിക്കാണ് ഈ തുക നൽകിയതെന്നുള്ള വിവരങ്ങൾ ഇല്ല. “കാഞ്ഞാർ വാട്ടർഷെഡ് ഏരിയയിൽ ചെടികൾ നട്ട് പിടിപ്പിക്കൽ” എന്നാണ് പദ്ധതിയുടെ പേര്

എങ്കിലും കാട് വെട്ടൽ, കുറ്റിപറിക്കൽ എന്നിവയ്ക്കായിട്ടാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. പ്രവൃത്തി നടത്തിയതിന്റെ വാല്യുവേഷൻ, മസ്റ്റർറോൾ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 04 തീയതി 20.01.2022) നൽകിയെങ്കിലും മറുപടി നൽകിയില്ല. ആയതിനാൽ ₹ 30955/- ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹന വിതരണം -ഫയൽ ഹാജരാക്കിയില്ല

ശിശു വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 ൽ സ്പിൽ ഓവറായി നടപ്പാക്കിയ ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹന വിതരണം (59/21). പദ്ധതിയ്ക്കായി ₹899600/-ചെലവഴിച്ചിട്ടുണ്ട് (ബിൽ നം 4/20-21/11.04.20 - ₹415200/-, 12/20-21/ 11.04.20 -₹484400/-). എന്നാൽ പദ്ധതി പ്രകാരം മുച്ചക്ര വാഹനങ്ങൾ നൽകുന്നതിനായി തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ വാഹനങ്ങൾ ക്വട്ടേഷൻ നടപടികളിലൂടെ വാങ്ങിയതിന്റേയും വിതരണം നടത്തിയതിന്റേയും രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. ക്വട്ടേഷൻ നടപടികളുടെ വിശദാംശങ്ങൾ, വാഹനങ്ങൾ വാങ്ങി വിതരണം നടത്തിയതിന്റെ രേഖകൾ, വാഹന രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ, ഗുണഭോക്താക്കളുടെ ഡ്രൈവിംഗ് ലൈസൻസ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതുവരെ പദ്ധതി ചെലവായ ₹899600/- തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (എൻക്വയറി നം. 9/20.01.2022)

1-17 ടെണ്ടർ ഫീ-ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21-വർഷം ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ 32 പദ്ധതികളുടെ ടെണ്ടർ ഫീ ഇനത്തിൽ ₹184740/- എൽ എസ് ജി ഡി ഡിവിഷൻ ഇടുക്കി എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. ഈ തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നാളിതുവരെയും ലഭ്യമായിട്ടില്ല. ടെണ്ടർ ഫീ ഇനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ള തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 പ്രവൃത്തികൾ വിഭജിച്ച് നല്കുന്നത് സംബന്ധിച്ച്

നിർമ്മാണ പദ്ധതികളിൽ അനുബന്ധ സൌകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി തയ്യാറാക്കണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖ യുമായി ബന്ധപ്പെട്ട 29.1.2018ലെ സ.ഉ.(കൈ) 11/18/ത സ്വ ഭ വ ഉത്തരവ് ഖണ്ഡിക 3.5.1,9 ൽ നിഷ്കർഷിച്ചിട്ടുണ്ട്. കേരള പിഡബ്ല്യൂഡി മാനവൽ സെക്ഷൻ 2014 പ്രകാരം ഉദ്യോഗസ്ഥർ തങ്ങളുടെ ഡെലിഗേഷൻ ഓഫ് പവറിൽ പരിമിതപ്പെടുത്തുന്നതിനായി പ്രവൃത്തികൾ വിഭജിച്ച് നല്കുവാൻ പാടുള്ളതല്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ഒരേ കെട്ടിടത്തിലെ പ്രവൃത്തികൾ ഒന്നിലധികം പദ്ധതികളായി നടപ്പിലാക്കിയിരിക്കുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | നടപ്പാക്കിയ പദ്ധതികൾ |
|---|---|---|
| 1 | വാത്തിക്കുടി സി എച്ച് സി മെയിന്റനൻസ് | വാത്തിക്കുടി സി എച്ച് സി മെയിന്റനൻസ് എസ് 52/21 |
| | | വാത്തിക്കുടി സി എച്ച് സി മെയിന്റനൻസ് എസ് 98/21 |
| | | വാത്തിക്കുടി സി എച്ച് സി യും ക്വാർട്ടേഴ്സും മെയിന്റനൻസ് എസ് 143/21 |
| | | വാത്തിക്കുടി സി എച്ച് സി ഇലക്ട്രിഫിക്കേഷൻ എസ് 148/21 |
| 2 | പൈനാവ് തൊഴിൽ പരിശീലനകേന്ദ്രം പൂർത്തീകരണം | പൈനാവ് തൊഴിൽ പരിശീലനകേന്ദ്രം വൈദ്യുതീകരണം പൂർത്തീകരണം എസ് 94/21 |

| | |
|---|---|
| | പൈനാവ് തൊഴിൽ പരിശീലനകേന്ദ്രം പൂർത്തീകരണം എസ് 97/21 |
| | പൈനാവ് വനിത തൊഴിൽ പരിശീലനകേന്ദ്രത്തിന് സംരക്ഷണ ഭിത്തി എസ് 86/21 |
| | പൈനാവ് തൊഴിൽ പരിശീലനകേന്ദ്രം പൂർത്തീകരണം എസ് 97/21 |

ഭാവിയിൽ കെട്ടിടനിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ അനുബന്ധ സൌകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ പ്ലംബിംഗ് എന്നിവ കൂടി ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി തന്നെ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 കാഞ്ഞാർ വാട്ടർ ഷെഡ് തീം പാർക്ക് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല പാഴ് ചെലവ് ₹ 38,25,303/-

സംയോജിത നീർത്തടപരിപാലന പദ്ധതിയുടെ ഭാഗമായി തൊടുപുഴ- ഇടുക്കി സംസ്ഥാന പാതയിൽ അറക്കുളം പഞ്ചായത്തിന്റെ പ്രവേശനകവാടമായ കാഞ്ഞാറിൽ ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയതാണ് കാഞ്ഞാർ വാട്ടർ ഷെഡ് തീം പാർക്ക്. മൂവാറ്റുപുഴ നദീതടജലസേചന പദ്ധതിയുടെ അധീനതയിലാണ് പദ്ധതി പ്രദേശം.

ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് 1.12.2014 ൽ എം വി ഐ പി ക്ക് നൽകിയ കത്തിൽ, ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രദേശത്ത് തണൽ പൂമരങ്ങളും ചെടികളും വച്ചു പിടിപ്പിക്കുന്നതിനായി മാത്രം ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടപ്പിലാക്കുകയില്ലെന്നും അറിയിച്ചിട്ടുള്ളതുമാണ്. ജലവിഭവ വകുപ്പിന്റെ 18.3.2020 സ.ഉ (സാധാ) നം 23 നൽകിയ കത്തിൽ ചെടികൾ വച്ച് പിടിപ്പിക്കാനുള്ള അനുമതിയേ നൽകിയിട്ടുള്ളൂ. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എം വി ഐ പി അനുമതി നൽകിയിട്ടുണ്ടെങ്കിൽ ഉത്തരവ് ഹാജരാക്കുവാൻ അവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.

സംയോജിത നീർത്തടപരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നിർവ്വഹണത്തിനായി 2014-15 മുതൽ 2015-16 വരെ കൺവീനർക്ക് താഴെ പറയും പ്രകാരം ₹1179246/- നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ചെക്ക് നം തിയതി | തുക |
|---|---|
| 062503 തിയതി 16.12.04 | 100000 |
| 02062519 തിയതി 18.2.15 | 170211 |
| 02065118 തിയതി 30.3.15 | 203223 |
| 02065105 തിയതി 28.2.15 | 100,000 |
| 02065127തിയതി5.5.15 | 100000 |
| 02065129 തിയതി 4.6.15 | 201140 |
| 0207472 തിയതി 27.11.15 | 141157 |
| 02078935 തിയതി 19.11.16 | 163521 |
| ആകെ | 1179246 |

കൺവീനർക്ക് തുക നൽകിയിട്ടുള്ളതിന്റെ വിവരം മാത്രമാണ് ഫയലിൽ ഉള്ളത്. പ്രസ്തുത തുക വിനിയോഗിച്ച് എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. നടപ്പിലാക്കിയ പ്രവൃത്തിയുടെ വാല്യുവേഷൻ എടുത്തിട്ടില്ല. ആയതിനാൽ മേൽതുകയുടെ വിനിയോഗവിവരം ലഭ്യമല്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ വികസനഫണ്ട് വിനിയോഗിച്ച് 2017-18 മുതൽ, 2020-21 വരെ 2 നിർവ്വഹണ

ഉദ്യോഗസ്ഥരുടെ പദ്ധതികളിലായി ₹ 26,46,057/- യും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് ₹ |
|---|---|---|---|
| 2018-19 | കാഞ്ഞാർ വാട്ടർ ഷെഡ് തീം പാർക്ക് സൌന്ദര്യവത്കരണം 88/19 | അസി.എഞ്ചിനീയർ | 11,00,000 |
| 2019-20 | കാഞ്ഞാർ വാട്ടർ ഷെഡ് തീം പാർക്ക് 41/20 | അസി.എഞ്ചിനീയർ | 497178 |
| 2019-20 | കാഞ്ഞാർ വാട്ടർ ഷെഡ് തീം പാർക്ക് സൌന്ദര്യവത്കരണം 42/21 | അസി.എഞ്ചിനീയർ | 268899 |
| 2020-21 | കാഞ്ഞാർ വാട്ടർ ഷെഡ് തീം പാർക്ക് 108/21 | അസി.എഞ്ചിനീയർ | 196828 |
| 2020-21 | കാഞ്ഞാർ വാട്ടർ ഷെഡ് തീം പാർക്ക് സൌന്ദര്യവത്കരണം 109/21 | അസി.എഞ്ചിനീയർ | 29877 |
| 2017-18 | കാഞ്ഞാർ വാട്ടർ ഷെഡ് തീം പാർക്ക് തൈകൾ നട്ടുപിടിപ്പിക്കൽ 105/18 | കൃഷി അസി.ഡയറക്ടർ | 153000 |
| 2018-19 | കാഞ്ഞാർ വാട്ടർ ഷെഡ് തീം പാർക്ക് തൈകൾ നട്ടുപിടിപ്പിക്കൽ 123/19 | കൃഷി അസി.ഡയറക്ടർ | 327650 |
| 2019-20 | കാഞ്ഞാർ വാട്ടർഷെഡ് ഏരിയയിൽ ചെടികൾ നട്ട് പിടിപ്പിക്കൽ 61/20 | കൃഷി അസി.ഡയറക്ടർ | 41670 |
| 2020-21 | കാഞ്ഞാർ വാട്ടർഷെഡ് ഏരിയയിൽ ചെടികൾ നട്ട് പിടിപ്പിക്കൽ 115/21 | കൃഷി അസി.ഡയറക്ടർ | 30955 |
| | ആകെ | | 2646057 |

മേൽ പദ്ധതിക്കായി നാളിതുവരെ ₹3825303 (1179246+2646057) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി സർക്കാർ പണം ചെലവഴിക്കാനുള്ള ഉപാധി മാത്രമായി മാറിയിരിക്കുകയാണെന്ന് പറയാതെ വയ്യ. കാരണം ലക്ഷക്കണക്കിനു രൂപ മുതൽമുടക്കി നിർമ്മിച്ച പൂന്തോട്ടവും മറ്റും കാടുകയറി നശിച്ച നിലയിലാണ്. പുഴയോരത്തെ കാടിനും കുറ്റിക്കാടിനും മറവിൽ മദ്യപാനം ഉൾപ്പെടെയുള്ള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളാണ് നടക്കുന്നത്. പുഴയോരത്തെ കാട്ടുകൾ ഇഴജന്തുക്കളുടെ വിഹാരകേന്ദ്രവുമാണ്. പാർക്കിന് സെക്യൂരിറ്റി സംവിധാനവും ശുചീകരണതൊഴിലാളികളും ഉദ്യാന പാലകനും മറ്റും ഉണ്ടെങ്കിൽ മാത്രമേ ഇത്തരം സംരംഭങ്ങൾ വിജയിപ്പിക്കാനാവൂ. തനത് വരുമാനം ശുഷ്കമായ ഒരു ബ്ലോക്ക് പഞ്ചായത്തിന് ആവർത്തന സ്വഭാവമുള്ള ഇത്തരം ചെലവുകൾക്ക് പണം കണ്ടെത്തുക പ്രായോഗികമല്ല. മറ്റ് വികസന പ്രവർത്തനങ്ങൾക്കുപയോഗിക്കേണ്ട പദ്ധതിപണം ഇത്തരം പദ്ധതികൾക്കായി വിനിയോഗിക്കുന്നത് പൊതുപണത്തിന്റെ ദുർവിനിയോഗം തന്നെയാണ്. അധികാരികളുടെയും ഭരണസമിതിയുടെയും സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.







**1-20 സംയുക്ത പദ്ധതികൾക്കായി ലഭിച്ച വിഹിതം ചെലവാക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു**

ബ്ലോക്ക് പഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം ₹2889702/- ഗ്രാമപഞ്ചായത്ത് വിഹിതം ₹1063896/- എന്നിങ്ങനെ തുകകൾ ചെലവാക്കാതെ ബാധ്യതയായി നിലനിൽക്കുന്നു. മുൻകാലങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി ലഭിച്ച് ചെലവാക്കാതെ നിൽക്കുന്ന ഈ തുകകൾ ഇനിയും ചെലവാക്കുന്നതിന് സാധ്യതയില്ലാത്തതിനാൽ അതാത് സ്ഥാപനങ്ങൾക്ക് തിരികെ നൽകി ബാധ്യതയിൽ നിന്നും ഒഴിവാകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ /തിയതി |
|---|---|---|
| 2020-21 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു. | - |

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 28 | 2001-02 | - | ജനകീയാസൂത്രണപദ്ധതിയിൽ ഗുണഭോക്തൃവിഹിതം ഇനത്തിലുള്ള ധനാപഹരണം | - |

| | | | | | |
|---|---|---|---|---|---|
| 1998-99 | - | 2002-03 | 32 | മത്സ്യബൂത്തിന് അനധികൃതമായി തുക നൽകി | - |
| 1998-99 | - | 2002-03 | 33 | ബോധവത്കരണ വൈദ്യസഹായ ക്യാമ്പുകൾ നടത്തിയതിലെ ക്രമക്കേടുകൾ | - |
| 1999-00 | - | 2002-03 | 30 | കമ്പ്യൂട്ടർ ട്രെയിനിംഗ് -ധനാപഹരണം | - |
| 2001-02 | 2(2) | 2004-05 | 6(1) | ഫോട്ടോ കോപ്പിയറിന് അധിക തുക നൽകി | |
| 2005-06 | 3-6 | 2009-10 | 2-8 | നിക്ഷേപവേലകൾ പൂർത്തിയാക്കിയില്ല വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിന് കെ.എസ്.ഇ.ബിക്ക് ₹6,02,150/- നൽകി | - |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് സർട്ടിഫിക്കറ്റ് നടപടികൾ

- ഇല്ല -

ബി) സർചാർജ് സർട്ടിഫിക്കറ്റ് നടപടികൾ

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാ സമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ ഇല്ല | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ/ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./തീയതി | തുക | | | | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1995-96 & 96-97 | 22 | അധിക നിരക്കിൽ വീട്ടുവാടക നൽകിയത് - 1,209/- നിരാകരണം. (373+94+ 95+ 13+634) | LF.15178/ Spl.Cell/ C2/ 2000/ 18.10.2001 | 373, 634 | - | | - | - | - | - | 373634 | - |
| 2 | 1995-96 & 96-97 | 23 (1) | അധിക യാത്രാപ്പടി | LF.15178/ Spl.Cell/ | 3120 | 3120 | | | | | | LFI-3/364/2003/ 10.6.2003പ്രകാരം | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | നൽകിയത് നിരാകരിക്കുന്നു. 3,120/- | C2/ 2000/ 18.10.2001 | | | | | | | | തുകയുടെ (3120/-) ഒടുക്കു വിവരം ബോധ്യപ്പെട്ടു | |
| 3 | 1998-99 | 34 | കെ. ആർ മൻമഥൻ, ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ | LF.19377/ Sc2/02/ 30.5.03 | 30000 | | | | | | | 30000 | |
| 4 | 1998-99 | 20, 21, 31(1,2),32 | എ. തങ്കപ്പൻ, ബി.ഡി.ഒ. | LF.19377/ SC2/02/ 1.11.03 | 66732 | | | | 31(2) WP(C) 2898/ 2010 Hon'ble HC, Kerala | | ഒ.പി.നം. 6/2004, തീ.2.2.07 പ്രകാരം നടപടികൾ ഒഴിവാക്കി | | |
| 5 | 1998-99 | 33(1) | അഗസ്റ്റിൻ തോമസ് | LF.19377 /SC2/ 02/dt. 12.06.03 | 8530 | | | | | | | 8530 | |
| 6 | 1998-99 | 42 | പി.ഡി. ജോസ്, ബി.ഡി.ഒ. | LF.19377/ SC2/ 02/ Dt. 12.06.03 | 30000 | | | | | | | 30000 | |
| 7 | 1999-00 | 31 | പി.ഡി. ജോസ്, ബി.ഡി.ഒ. | LF.2643// Spl.Cell/ SC2/ 2005/DT. 23.8.06 | 9000 | - | | - | - | - | - | 9000 | - |
| 8 | 1999-00 | 29, 30 | എം.സി. തോമസ്, സെക്രട്ടറി | LF.2643// Spl.Cell/ SC2/ 2005/DT. 23.8.06 | 21300 | - | | - | - | - | - | 21300 | - |
| 9 | 1999-00 | 29, 30, 27, 31 | എം.സി. തോമസ്, സെക്രട്ടറി | LF.2643// Spl.Cell/ SC2/ 2005/DT. 23.8.06 | 21300+ 20000 (പലിശ) | - | | - | - | - | - | 21300+ 20000 | - |
| 10 | 2001-02 | 2.2 | സി.എസ്. ഗോപിനാഥൻ, സെക്രട്ടറി | LF.6045/ Spl.Cell/ SC2/ 2006/ 21.8.06 Certificate Date . 27.12.06 | 49547 | - | | - | - | - | - | 49547 | - |
| 11 | 2009-10 | 3.12 | - | - | 5950 | - | | - | - | - | - | 5950 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹82850207 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹83490649 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹930555 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 30955 | ശ്രീ. സുനിൽ എ.ജെ. കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 1-16 | 899600 | ശ്രീമതി. ജാസ്മിൻ കെ.ജെ. സി ഡി പി ഒ |
| ആകെ | 930555 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുനിൽ എ.ജെ. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഇടുക്കി, അറക്കുളം പി.ഒ. | ലഭ്യമല്ല |
| ശ്രീമതി. ജാസ്മിൻ കെ.ജെ. | സി ഡി പി ഒ | കരോട്ട്മുറിയിൽ വീട്, ചാമാംപതാൽ പി.ഒ. വാഴൂർ, കോട്ടയം പിൻ- 686517 |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം |
|---|---|---|---|

| | | | |
|---|---|---|---|
| 1995-96 & 1996-97 | എൽ.എഫ്.ഐ.-3/488/99/ 08.01.99/31.05.99 | | |
| 1997-98 | എൽ.എഫ്.ഐ.3/489/99/ 27.02.99/31.05.99 | | |
| 1998-99 | എൽ.എഫ്.ഐ.3/466/01/ 30.04.02/30.04.12 | | |
| 1999-2000 | എൽ.എഫ്.ഐ.3/82/02/253/02/ 11.07.02 | | |
| 2000-01 | എൽ.എഫ്.ഐ.3/445/03/ 07.11.03/29.11.2003 | | |
| 2001-02 | എൽ.എഫ്.ഐ.4/230/04/ 04.11.04/11.01.05 | | |
| 2002-03 | ചെലവ് ഓഡിറ്റ് മാത്രം | | |
| 2003-04, 2004-05, 2005-06 | എൽ.എഫ്.ഐ.4/243/09/ 10.11.09/08.02.10 | | |
| 2006-07 | എൽ.എഫ്.ഐ-4/445/12/20.6.12 | 13 | 2-1, 2-2, 2-3, 3-1 മുതൽ 3-10 വരെ |
| 2007-08 | എൽ.എഫ്.ഐ-4/446/12/20.6.12 | 12 | 2-1 മുതൽ 2-4 വരെ, 3-1 മുതൽ 3-8 വരെ |
| 2008-09 | എൽ.എഫ്.ഐ-4/682/12/20.6.12 | 6 | 3-1 മുതൽ 3-6 വരെ |
| 2009-10 | എൽ.എഫ്.ഐ-4/1138/13/6.11.13 | 12 | 2-1, 2-2, 3-1, 3-2, 3-4 മുതൽ 3-12 വരെ |
| 2010-11 | എൽ.എഫ്.ഐ-4/271/14/8.7.14 | 11 | 2-1 മുതൽ 2-3 വരെ, 3-1, 3-3 മുതൽ 3-9 വരെ |
| 2011-12 & 12-13 | എൽ.എഫ്.ഐ-13/1366/14/ 12.12.14 | 12 | 3-1 മുതൽ 3-12 വരെ |
| 2013-14 & 14-15 | കെ.എസ്.എ.എെ.ഡി.കെ-13/515/ 17/ 1.6.17 | 12 | 2-1, 3-1 മുതൽ 3-10 വരെ, 3-12 |
| 2015-16 | കെ എസ് എ-ഐ ഡി കെ.-13/286/ 17/ 28.2.18 | 11 | 1-12, 2-1 മുതൽ 2-4 വരെ, 3-1 മുതൽ 3-6 വരെ |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ.4/1619 / 17/14.12.17 | 11 | 1-12, 2-2,2-3, 3-1 മുതൽ 3-8 വരെ |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ.13/120/19 തി. 25.03.2019 | 8 | 1-11, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5 |
| 2018-19 | KSA-IDK-13/1028/2019/dt.30.01.2020 | 7 | 1-11, 1-12, 1-13, 1-17, 1-19, 4-8, 4-11 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്